(ബി) ഫണ്ടിന്റെ അപര്യാപ്തത കാരണമാണ്.

(സി ആന്റ് ഡി) റിബേറ്റ് സംബന്ധിച്ച് ചില പ്രാഥമിക കൈത്തറി സഹകരണസംഘങ്ങൾ ഹൈക്കോടതിയിൽ സമർപ്പിച്ച കേസുകളിൽ തീർപ്പുണ്ടാകുന്നതുവരെ റിബേറ്റ് അനുവദിക്കുന്നതിന് ഇപ്പോൾ അവലംബിക്കുന്ന മാനദണ്ഡങ്ങൾ തുടരുവാൻ കൈത്തറി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ഇല്ല. എന്നാൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(എഫ്) ഈ കാര്യം പരിശോധിക്കുന്നതാണ്.

പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഹാൻടെക്സ് നൽകാനുള്ള കുടിശ്ശിക

37 [491] ശ്രീ. എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണസംഘങ്ങളിൽ നിന്ന് തുണികൾ സംഭരിച്ച വകയിൽ ഹാൻടെക്സ് സംഘങ്ങൾക്ക് എന്തു തുക നൽകാനുണ്ടെന്ന് അറിയിക്കാമോ;

(ബി) ഈ കുടിശ്ശിക ഏതു വർഷം മുതലുള്ളതാണെന്ന് വർഷം തിരിച്ച് കുടിശ്ശിക പ്രത്യേകം പ്രത്യേകം അറിയിക്കാമോ;

(സി) ഈ തുക അടിയന്തിരമായി കൊടുത്തു തീർക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 31-3-2004-ലെ കണക്കനുസരിച്ച് 2090.74 ലക്ഷം രൂപ സംഘങ്ങൾക്ക് നൽകാനുണ്ട്.

(ബി) സംഘങ്ങളിൽ നിന്നുള്ള തുണി സംഭരണം അവയുടെ വില്പന അതനുസരിച്ച് അപ്പോഴപ്പോൾ നൽകുന്ന പേയ്മെന്റ് എന്നിവ തുടർച്ചയായി വർഷങ്ങളായി നടക്കുന്ന പ്രവർത്തനമായതിനാൽ കുടിശ്ശികയുടെ വർഷം തിരിച്ചുള്ള കണക്കാക്കൽ പ്രായോഗികമല്ല.

(സി) സംഭരിച്ച വസ്ത്രങ്ങൾ കഴിയുന്നത്ര വേഗം വിറ്റഴിച്ച് തുക ഉടനെ സംഘങ്ങൾക്ക് നൽകാൻ ഹാൻടെക്സിന് നിർദ്ദേശം നൽകുന്നതാണ്.

ഹാന്റ്ലൂം അഡ്വൈസറി കമ്മിറ്റി

38 [492] ശ്രീ. എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാന്റ്ലൂം അഡ്വൈസറി കമ്മിറ്റി 2003 നവംബറിൽ നിലവിൽ വന്നതിനു ശേഷം യോഗം വിളിച്ചു കൂട്ടിയിട്ടുണ്ടോ; എങ്കിൽ ഏതു തീയതികളിലാണെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കമ്മിറ്റിയുടെ നടത്തിപ്പിനായി എന്തു തുക വകയിരുത്തിയിട്ടുണ്ട്;

(സി) കമ്മിറ്റിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) കമ്മിറ്റിയുടെ യോഗം അടിയന്തിരമായി വിളിച്ചു കൂട്ടാനും പ്രശ്നങ്ങൾ ചർച്ച ചെയ്തു പരിഹാരമുണ്ടാക്കാനും അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) കമ്മിറ്റിയുടെ നടത്തിപ്പിനായി പ്രത്യേക തുകയൊന്നും ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല.

(സി) കൈത്തറി മേഖല നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനും ലക്ഷ്യമാക്കിയാണ് ഉപദേശക സമിതി രൂപീകരിച്ചിട്ടുള്ളത്.

(ഡി) സ്വീകരിക്കുന്നതാണ്.

പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നൽകി വരുന്ന എൻ.സി.ഡി.സി. വായ്പയും സർക്കാർ ഓഹരി പങ്കാളിത്തവും

39 [493] ശ്രീ. എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം എൻ.സി.ഡി.സി. വായ്പ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നൽകുന്നത് നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നൽകി വന്നിരുന്ന സർക്കാർ ഓഹരി പങ്കാളിത്തത്തിന്റെ പരിധി ഒരു ലക്ഷം രൂപയായി പരിമിതപ്പെടുത്തിയതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) എൻ.സി.ഡി.സി. വായ്പയും സർക്കാർ ഓഹരി പങ്കാളിത്തവും പുനഃസ്ഥാപിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രാഥമിക സഹകരണ സംഘങ്ങൾക്ക് വായ്പ നൽകുന്ന പദ്ധതി എൻ.സി.ഡി.സി. നിർത്തലാക്കിയിട്ടില്ല.

(ബി) കൂടുതൽ സംഘങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കാനാണ് തുക 1 ലക്ഷം രൂപയായി പരിമിതപ്പെടുത്തിയിട്ടുള്ളത്.

(സി) എൻ.സി.ഡി.സി. വായ്പയും സർക്കാർ ഓഹരി പങ്കാളിത്തവും പൂർണ്ണമായി നിർത്തലാക്കിയിട്ടില്ലാത്തതിനാൽ പുനഃസ്ഥാപിക്കുന്ന പ്രശ്നം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly